പൊതുവിദ്യാഭ്യാസത്തിന്റെ അക്കാദമിക് തലം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുകയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യമെന്ന് വിദ്യാഭ്യാസമന്ത്രി പ്രൊഫ.സി.രവീന്ദ്രനാഥ് പറഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അധ്യാപകവിദ്യാഭ്യാസം ഏകദിന ശാക്തീകരണ ശില്പശാല പൂജപ്പുര എസ്.സി.ഇ.ആർ.ടിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നിലവിലുള്ള ഘടനയിൽ കാലാനുസൃതമായ മാറ്റം വരുത്തി പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയുടെ ഭൗതിക സാഹചര്യങ്ങൾ മാറേണ്ടതുണ്ട്. ഇതിനായി മാസ്റ്റർപ്ളാന് അടക്കം തയ്യാറായി വരികയാണ്. കലാ,കായിക രംഗങ്ങളിൽ മാന്വല് പരിഷ്കരണം നടത്തുന്നതിനായി ചർച്ചകള് നടത്തും. അധ്യാപക കേന്ദ്രീകൃത വിദ്യാഭ്യാസത്തിൽനിന്ന് ശിശുകേന്ദ്രീകൃത വിദ്യാഭ്യാസത്തിലേക്ക് എങ്ങനെ മാറാമെന്ന് ചർച്ച ചെയ്യണമെന്ന് മന്ത്രി പറഞ്ഞു. പരമ്പരാഗത അധ്യാപക പരിശീലനമൂശ വിട്ട്, ഭാവനാപരമായി പരിശീലന പരിപാടികളെ കാണണമെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന ധനമന്ത്രി ഡോ. ടി.എം.തോമസ് ഐസക് പറഞ്ഞു. വിഷയം പഠിപ്പിക്കൽ മാത്രമല്ല എല്ലാത്തിനെയും തുറന്ന മനസ്സോടെ കാണാൻ അധ്യാപകരെ പ്രേരിപ്പിക്കുകകൂടിയാണ് പരിശീലനത്തിന്റെ ലക്ഷ്യം. പുതിയ സങ്കേതങ്ങൾ ഉപയോഗിക്കാനുള്ള ആഭിമുഖ്യവും താത്പര്യവും അധ്യാപകർക്ക് ഉണ്ടാകണം. വിദ്യാഭ്യാസം ഐടി അധിഷ്ഠിതമായപ്പോൾ ആവേശകരമായ ഒരുപാട് മാറ്റങ്ങൾ അധ്യാപകരിലും വിദ്യാർഥികളിലും ഉണ്ടായതായും മന്ത്രി പറഞ്ഞു. എ.പ്രദീപ് കുമാർ എ.എൽ.എ അധ്യക്ഷനായി. പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ.ഉഷ ടൈറ്റസ്, എം.ജി സർവകലാശാല മുന് വൈസ് ചാൻസലര് ഡോ.രാജൻ ഗുരുക്കള്, എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ.ജെ.പ്രസാദ്, കേരള സർവകലാശാല മുന് വൈസ് ചാൻസലര് ഡോ.ജയകൃഷ്ണൻ, സർവശിക്ഷാ അഭിയാന് ഡയറക്ടര് ഡോ.എ.പി.കുട്ടികൃഷ്ണൻ, ഐടി അറ്റ് സ്കൂള് ഡയറക്ടര് അൻവര് സാദത്ത് തുടങ്ങിയവർ സംസാരിച്ചു. വിദ്യാഭ്യാസ വിദഗ്ധരും ക്ഷണിക്കപ്പെട്ട സംഘടനാ പ്രതിനിധികളും വിവിധ വകുപ്പ് മേധാവികളും ശില്പശാലയിൽ പങ്കെടുത്തു. ഗണിതശാസ്ത്രത്തിൽ മിടുക്കരായ വിദ്യാർഥികൾക്ക് നിരന്തര പരിശീലനവും പ്രോത്സാഹനവും നൽകുന്ന എസ്.സി.ഇ.ആർ.ടിയുടെ ന്യൂമാറ്റ്സ് പദ്ധതിയുടെ സഹായത്തോടെ ദേശീയ ഗണിതശാസ്ത്ര ഒളിമ്പ്യാഡിന് അർഹത നേടിയ അലന് ജോസഫ്, നിരഞ്ജന, ഗോപിക എന്നീ വിദ്യാർഥികൾക്ക് ചടങ്ങില് മന്ത്രി ഡോ.തോമസ് ഐസക് ഉപഹാരങ്ങൾ നൽകി. പി.എൻ.എക്സ്.362/17